പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2549</u> 14/12/2015 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ വൃക്ക രോഗികൾ

| ചോദ്യം<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ** | | ഉത്തരം<br>**ശ്രീ. വി.എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ വൃക്ക രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ജീവിതശൈലി രോഗങ്ങളായ പ്രമേഹവും രക്താദിമർദ്ദവും വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ, ഈ രോഗങ്ങളുടെ മൂർദ്ധന്യാവസ്ഥയിൽ ഹൃദ്രോഗം, വൃക്കരോഗം തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൃക്ക രോഗികൾക്ക് ഡയാലിസിസ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര ആശുപത്രികളാണ് കേരളത്തിൽ ഉള്ളതെന്ന പട്ടിക ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് വിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ഉള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം ചികിത്സ ലഭ്യമാണ്. കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിലെ മെഡിക്കൽ കോളേജുകളെയും കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പട്ടിക അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം 1). പദ്ധതിപ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി നൽകിയിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ മാസങ്ങൾക്ക് മുമ്പ് ഉദ്ഘാടനം കഴിഞ്ഞിട്ടും ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിനു വേണ്ടിയുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും ആവശ്യമായ മെഷീനറി ലഭ്യമാകുന്നതിലുള്ള കാലതാമസമാണ് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നതിനുള്ള കാരണം. |
| (ഡി) | ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വീകരിക്കും. ഇതിനുവേണ്ടി കാസർഗോഡ് ജില്ലാ പഞ്ചായത്ത് 75 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാരുണ്യ ബനവലന്റ് ഫണ്ട് ഉപയോഗിച്ച് ഈ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

**സെക്ഷൻ ഓഫീസർ**

[illegible]

(2) ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര

(3) ജില്ലാ ആശുപത്രി, നെടുമങ്ങാട്

(4) ഫോർട്ട് ആശുപത്രി, തിരുവനന്തപുരം

(5) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര

(6) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ

(7) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ചേർത്തല

(8) ജനറൽ ആശുപത്രി, ആലപ്പുഴ

(9) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. റാന്നി

(10) ജനറൽ ആശുപത്രി, അടൂർ

(11) ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി

(12) ജനറൽ ആശുപത്രി, പാല

(13) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി. പീരുമേട്

(14) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മൂവാറ്റുപുഴ

(15) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പറവൂർ

(16) ജില്ലാ ആശുപത്രി, വടക്കാഞ്ചേരി

(17) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കുന്നംകുളം

(18) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം

(19) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട്

(20) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി

(21) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തലശ്ശേരി

(22) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തളിപ്പറമ്പ്

(23) ജനറൽ ആശുപത്രി, തലശ്ശേരി

(24) ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്

(25) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, നീലേശ്വരം

(26) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻബത്തേരി

(27) ജനറൽ ആശുപത്രി, കൽപ്പറ്റ